"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 940/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1598/2025/LSGD തീയതി, തിരുവനന്തപുരം, 26-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 940/2009 നമ്പർ കേസിന്മേലുള്ള 20/10/2012 തീയതിയിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം. 2764/2017/റവ, തീയതി, 21/06/2017.
3. സ.ഉ.(പി) നം. 32/2019/ധന, തീയതി, 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05/02/2024 തീയതിയിലെ എ3/2646/2009/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/06/2025 തീയതിയിലെ DCTVM/975/2024-K9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 0.84 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 940/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,21,184/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഒരുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം)-യും ടി കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് സൂചന (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 59,40,566/- രൂപ (അമ്പത്തിയൊമ്പത് ലക്ഷത്തി നാല്പതിനായിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപ മാത്രം) റിക്കൂപ്പ് ചെയ്യുന്നതിനുമായി ആകെ 62,61,750/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4), (5) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡിന്റെ

വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 790/2, 2-1 -ൽ ഉൾപ്പെട്ടതും ശ്രീ. രാജേശ്വരി ശ്രീമതി ആർ. അഞ്ജന ഹരീന്ദ്രൻ, ശ്രീ. രഞ്ജിത്ത് എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.84 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 940/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,21,184/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഒരുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിനും പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 59,40,566/- രൂപ (അമ്പത്തിയൊമ്പത് ലക്ഷത്തി നാല്പതിനായിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപ മാത്രം) റവന്യൂ വകുപ്പിന്റെ 2075-00-800-05 എന്ന ശീർഷകത്തിലേക്ക് റീഫണ്ട് ചെയ്യുന്നതിനുമായി ആകെ 62,61,750/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി. തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീമതി രാജേശ്വരി, റ്റി.സി.4/165(2), കവടിയാർ, തിരുവനന്തപുരം (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).
ശ്രീമതി ആർ.അഞ്ജന ഹരീന്ദ്രൻ, റ്റി.സി.4/165(2), കവടിയാർ, തിരുവനന്തപുരം (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).
ശ്രീ. രഞ്ജിത്ത്, റ്റി.സി.4/165(2), കവടിയാർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/153/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 26-06-2025 16:58:04
സെക്ഷൻ ഓഫീസർ